JAGRATHA 101

Vol-3, N0:26
31-07-2009

*Kerala Catholic Bishops' Council's*

**Commission for Social Harmony and Vigilance**

Pastoral Orientation Centre, Palarivattom,Kochi-25Ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# 'സത്യത്തിൽ സ്നേഹം'

## (Caritas in Veritate)

### ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ പ്രഥമ സാമൂഹിക ചാക്രിക ലേഖനം

ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ മൂന്നാമത്തെ ചാക്രികലേഖനം വിശുദ്ധ പൗലോസിന്റെ വർഷത്തിന്റെ സമാപനത്തിൽ 2009 ജൂൺ 29-ാം തീയതി ഒപ്പു വച്ചു. 'ദൈവം സ്നേഹമാകുന്നു' എന്ന ആദ്യചാക്രികലേഖനത്തിന്റെ ചൈതന്യം ആത്യാധുനിക ലോകത്തിലെ സമൂഹനിർമ്മിതിക്ക് എങ്ങനെ ഉപയുക്തമാക്കാം എന്ന സന്ദേശമാണ് 'സത്യത്തിൽ സ്നേഹം' (Caritas in Veritate) എന്ന സാമൂഹിക ചാക്രികലേഖനത്തിന്റെ ഉള്ളടക്കം. ആമുഖവും ഉപസംഹാരവും ഉൾപ്പെടെ 79 ഖണ്ഡികകളിൽ രചിച്ചിരിക്കുന്ന പ്രബോധനത്തിന് 6 അദ്ധ്യായങ്ങളാണ് ഉള്ളത്. പോൾ ആറാമന്റെ സാമൂഹ്യ ചാക്രികലേഖനം 'ജനതകളുടെ പുരോഗതി'യും ലെയോ പതിമൂന്നാമന്റെ 'റേരും നോവാരും' (പുതിയ കാര്യങ്ങൾ), ജോൺ പോൾ രണ്ടാമന്റെ 'നൂറാം വർഷം' തുടങ്ങിയ സാമൂഹിക പ്രബോധനങ്ങളുടെ ചുവടുപിടിച്ചാണ് മാർപാപ്പ ഇത് രചിച്ചിരിക്കുന്നത്. തന്റെ മുൻഗാമികളുടെ പദപ്രയോഗങ്ങളും ആശയങ്ങളും, ടെക്നോളജിയുടെയും ആഗോളവത്കരണത്തിന്റെയും പിടിയിലമർന്ന അത്യാധുനിക സാമൂഹിക സാഹചര്യങ്ങളിൽ മനുഷ്യവർഗത്തിന്റെ സമഗ്രമായ വികസനത്തിന് പുരോഗതിയെ എങ്ങനെ പ്രയോജനപ്പെടുത്താമെന്നും അവധാനതയോടെ പ്രായോഗികമായി പഠിപ്പിക്കുന്ന പ്രബോധനമാണ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ 'സത്യത്തിൽ സ്നേഹം'. ഈ ചാക്രികലേഖനത്തിലെ അടിസ്ഥാന ആശയങ്ങളിലേക്കുള്ള എത്തിനോട്ടമാണ് ഇവിടെ ചേർക്കുന്നത്.

## സത്യത്തിൽ സ്നേഹം

ചാക്രിക ലേഖനത്തിന്റെ ആദ്യത്തെ വാചകം ഇതാണ്: 'സത്യത്തിൽ നിലനിൽക്കുന്ന സ്നേഹത്തിന് സാക്ഷ്യം വഹിച്ച ക്രിസ്തുവിന്റെ ഭൂമിയിലെ ജീവിതം, വിശിഷ്യാ അവിടുത്തെ മരണവും ഉത്ഥാനവുമാണ് മനുഷ്യവർഗത്തിന്റെ മുഴുവനും ഓരോ വ്യക്തിയുടെയും ആധികാരികമായ വികസനത്തിന്റെ പിന്നിലുള്ള യഥാർത്ഥ ശക്തി.' സത്യത്തിന്റെ നിറവുള്ള സ്നേഹമാണ് മനുഷ്യരെ സമാധാനത്തിനും നീതിക്കും വേണ്ടി സധൈര്യം മുന്നോട്ടിറങ്ങാൻ പ്രേരിപ്പിക്കുന്നത്. സത്യത്തോട് ഒട്ടി നിൽക്കുമ്പോഴാണ് വ്യക്തി യഥാർത്ഥത്തിൽ സ്വതന്ത്രനാകുന്നത്.

സ്നേഹത്തിന്റെ അനിവാര്യത സത്യത്തെ സംരക്ഷിക്കലാണ്. എളിമയോടും ബോധ്യത്തോടും കൂടെ ജീവിതത്തിൽ സത്യത്തിന് സാക്ഷ്യം വഹിക്കലാണ് സ്നേഹത്തിന്റെ അനിവാര്യഘടകം. സ്നേഹം സത്യത്തിൽ സന്തോഷിക്കുന്നു എന്നാണ് പൗലോസ് ശ്ലീഹ എഴുതിയിരിക്കുന്നത് (1 കോറി. 13:6). സത്യത്തിൽ

സ്നേഹമാണ് ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ മുഖം. സത്യം തന്നെയായ ക്രിസ്തുവാണ് നമ്മുടെ സഹോദരന്മാരെയും സഹോദരിമാരെയും സ്നേഹിക്കാനുള്ള വിളിയുടെ സ്രോതസ്സ്. സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെയെല്ലാം തുടക്കവും ഒടുക്കവും സ്നേഹമാണ് (2). മാർപാപ്പയുടെ പ്രഥമ ചാക്രിക ലേഖനത്തിൽ വ്യക്തമാക്കിയതുപോലെ എല്ലാ മനുഷ്യബന്ധങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും അടിസ്ഥാന പ്രമേയം 'ദൈവം സ്നേഹമാകുന്നു' എന്നതാണ്. 'ദൈവസ്നേഹമാണ് എല്ലാത്തിന്റെയും ഉറവിടം; എല്ലാത്തിനെയും നിർമ്മിക്കുന്ന ഈ സ്നേഹത്തിലേക്കാണ് എല്ലാം ചലിക്കുന്നത്.'

സത്യത്തിൽ മാത്രമേ സ്നേഹം വെട്ടിത്തിളങ്ങുകയുള്ളൂ (3). സത്യത്തിന്റെ വെളിച്ചം യുക്തിയുടെയും വിശ്വാസത്തിന്റേതുമാണ്. സത്യമില്ലാത്ത സ്നേഹം വെറും വൈകാരികതലത്തിലേക്കു തരം താഴും.' വിശുദ്ധ ഗ്രന്ഥത്തിലെ ദൈവത്തിലുള്ള വിശ്വാസം വൈയക്തികതലത്തിലും പൊതുവായ തലത്തിലും സത്യത്തിന്റെ നിറവുള്ള സ്നേഹത്തിലാണ് പ്രതിഫലിക്കുന്നത്. ദൈവം ഒരേ സമയം സ്നേഹവും (agape) വചനവും (logos) ആണ്. ദൈവം ഉപവിയും സത്യവും സ്നേഹവും വചനവുമാണ്' (3). 'സത്യം യഥാർത്ഥത്തിൽ വചനമാണ് (logos). ആ വചനമാണ് സംഭാഷണം (dialogue) സൃഷ്ടിക്കുന്നത്. സത്യത്തിൽ ആശയവിനിമയവും കൂട്ടായ്മയുമുണ്ട്. ഇന്നത്തെ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ സത്യത്തെ ആപേക്ഷീകരിക്കാനുള്ള ശക്തമായ പ്രവണതയുണ്ട്. സത്യത്തിൽ നിറഞ്ഞ സ്നേഹം പ്രായോഗികമാക്കുന്ന ക്രൈസ്തവികത നല്ല സമൂഹത്തെ വാർത്തെടുക്കാൻ സഹായിക്കുക മാത്രമല്ല, മനുഷ്യന്റെ സമഗ്രമായ വികസനത്തിനും ഏറെ സഹായകരമാണ് (4).

സത്യത്തിൽ സ്നേഹം നീതി അന്വേഷിക്കുന്നു. എല്ലാ സമൂഹവും അതിന്റെ തന്നെ നീതിന്യായ വ്യവസ്ഥിതി നിർമ്മിക്കുന്നത് ഈ പശ്ചാത്തലത്തിലാണ് (ubi societas, ibi ius). സ്നേഹം സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതിലാണ്. എനിക്കുള്ളതു മറ്റുള്ളവർക്കു നൽകുന്നതിലാണ് അതിന്റെ അന്തസ്സത്ത. പക്ഷേ, അതു മാത്രമല്ല മറ്റുള്ളവർക്കു അവകാശപ്പെട്ടതു നൽകുന്നതിലാണ് നീതിയുടെ അടിസ്ഥാനം. മറ്റുള്ളവർക്കു അവകാശപ്പെട്ടതു അവർക്കു ആദ്യം നൽകാതെ എനിക്കുള്ളതു മറ്റുള്ളവർക്കു നൽകാൻ ഒരാൾക്കു സാധിക്കുകയില്ല(6). പോൾ ആറാമന്റെ ഭാഷയിൽ നീതി സ്നേഹത്തിന്റെ ഔദാര്യമല്ല അനിവാര്യതയാണ്. സ്നേഹം നീതിയുള്ള സമൂഹത്തെ സൃഷ്ടിക്കുന്നു (Erthly City). കൊടുക്കുന്നതിലും ക്ഷമിക്കുന്നതിലുമാണ് ഈ സമൂഹനിർമ്മിതി നടപ്പാകുന്നത്. അവകാശങ്ങളുടെയും കടമകളുടെയും ഒരു നഗരം മാത്രമല്ല അത്. അതിലുപരി ബന്ധങ്ങളുടെ കൃപയിലും കാരുണ്യത്തിലും കൂട്ടായ്മയിലുമാണ് പൊതുസമൂഹം കെട്ടിപടുക്കപ്പേടേണ്ടത്(6). ഇത്തരത്തിലുള്ള പൊതുസമൂഹം ദൈവത്തിന്റെ നഗരമാണ് (City of God) കെട്ടിയുയർത്തുന്നത്. ആഗോളവത്കരിക്കപ്പെടുന്ന ആധുനികലോകത്തിൽ ജനതകളും രാഷ്ട്രങ്ങളും സാർവ്വത്രികമായ ഒരു കുടുംബമായി പരിഗണിക്കപ്പെടുന്നത്.

## മാനവികതയുടെ സമഗ്രവികസനം

പോൾ ആറാമന്റെ 'ജനതകളുടെ പുരോഗതി' എന്ന ചാക്രികലേഖനത്തിൽ നിന്നു ആശയങ്ങൾ സ്വീകരിച്ചുകൊണ്ട് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പറയുന്നു: "സഭയാകമാനം അതിന്റെ അസ്തിത്വത്തിലും പ്രവർത്തനത്തിലും-പ്രഘോഷണത്തിലും ആരാധനയർപ്പണത്തിലും, ഉപവിപ്രവൃത്തിയിലും മനുഷ്യന്റെ സമഗ്രമായ വികസനത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്" (11). സഭയുടെ വികസന പ്രവർത്തനങ്ങളുടെ മാനം നിത്യതയാണ്. അത് ഈ ലോക ജീവിതത്തിൽ മാത്രം ഒതുങ്ങുന്നതല്ല. വികസനം എന്നത് വെറുതെ സ്വത്തുക്കളും പണവും വാരിക്കൂട്ടുന്നതല്ല. ഉപവി പ്രവൃത്തികളുടെ സാർവത്രികമായ മാനത്തിൽ സ്നേഹം എല്ലാവരെയും വളർത്തുന്നതും എല്ലാവരുടെയും രക്ഷ ലക്ഷ്യം വയ്ക്കുന്നതുമാണ്. വികസനത്തിന് ചുക്കാൻ പിടിക്കുന്ന കുറേ സ്ഥാപനങ്ങൾ മാത്രം പോരാ. സമഗ്രമായ മനുഷ്യരുടെ വികസനം ഉന്നതമായ വിളിയാണ്. ഒരു വിളിയെന്ന നിലയിൽ വികസനത്തിൽ വ്യക്തിസ്വാതന്ത്ര്യവും ജനതകളുടെ സ്വാതന്ത്ര്യവും വിലമതിക്കപ്പെടുന്നു (17). സത്യത്തോടു കൂറു പുലർത്താതെയുള്ള വികസനം ഒരു മരീചികയാകും. ഐക്യദാർഢ്യത്തിലും സാഹോദര്യത്തിലും നിലനിൽക്കുന്ന ഒരു ഏക കുടുംബമായി മാനവകുലത്തെ കാണുന്ന ക്രൈസ്തവ കാഴ്ചപ്പാടി

ലാണ് വികസനം വിലയിരുത്തപ്പെടേണ്ടത്. ക്രിസ്തുവിന്റെ സ്നേഹമാണ് ഈ ലോകമാകുന്ന കുടുംബത്തിന്റെ വികസനത്തിനുള്ള മാർഗം (13). ജീവനോടുള്ള തുറവിയാണ് യഥാർത്ഥ വികസനത്തിന്റെ കേന്ദ്രം (28). മത സ്വാതന്ത്ര്യം മനുഷ്യന്റെ സമഗ്രവികസനവുമായി അടുത്തു ബന്ധമുള്ളതാണ് (29). മതമില്ലായ്മയും നിരീശ്വ രത്വവും മനുഷ്യന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന വസ്തുതകളാണ്. ദൈവമാണ് മനുഷ്യന്റെ യഥാർത്ഥ വികസനത്തെ ഊട്ടിയുറപ്പിക്കുന്നതെന്ന കാര്യവും മറക്കരുത് (29).

## വികസനത്തിന്റെ 'ടെക്നോളജി' രാഷ്ട്രീയം

മാനുഷികമൂല്യങ്ങൾക്കും ധാർമികതയ്ക്കും യാതൊരു സ്ഥാനവും കൊടുക്കാത്ത ഒരു രാഷ്ട്രീയ ദർശന ത്തിന് മനുഷ്യന്റെ സമഗ്രമായ വികസനത്തെ സ്വപ്നം കാണാനാവുകയില്ല. വികസനത്തിന്റെ കാര്യത്തിൽ ഇന്നും പല മിഥ്യാധാരണകളും മായികമായ പ്രത്യയശാസ്ത്രങ്ങളും ആശയക്കുഴപ്പം സൃഷ്ടിക്കുന്നു. ഇന്ന് വികസനം പൂർണ്ണമായും ടെക്നോളജിയെ ഏൽപിച്ചുകൊണ്ട് മാറിനിൽക്കുന്ന കാഴ്ചയാണുള്ളത്. അപ്പോൾ മനുഷ്യത്വരഹിതമായ പല കാര്യങ്ങളും വികസനത്തിൽ കടന്നുകൂടും (14). ലൈംഗീക ധാർമികതയും കുടും ബജീവിതത്തിന്റെ ഭദ്രതയും വിവാഹത്തിന്റെ പവിത്രതയുമെല്ലാം വികസനത്തിന്റെ അനിവാര്യമായ ഘടക ങ്ങളാണ്. വ്യക്തിജീവിതത്തിലെ ധാർമ്മികതയും സാമൂഹ്യധാർമ്മികതയും തമ്മിൽ അഭേദ്യമായ ബന്ധമു ണ്ട്. മനുഷ്യാന്തസ്സിനെ ആദരിക്കുകയും സമാധാനവും നീതിയും ആഗ്രഹിക്കുന്നു എന്നു പറയുകയും ചെയ്യുന്ന സമൂഹം തന്നെ മനുഷ്യജീവിതത്തെ തരംതാഴ്ത്തുന്നതും മനുഷ്യജീവനെ അപകടപ്പെടുത്തുന്നതുമായ കാര്യ ങ്ങളിൽ ഏർപ്പെടുന്നത് വിരോധാഭാസമാണെന്ന് ജോൺ പോൾ രണ്ടാമൻ 'ജീവന്റെ സുവിശേഷം' എന്ന ചാക്രികലേഖനത്തിൽ എഴുതുന്നു. സുവിശേഷത്തിൽ വികസനത്തിന്റെ സത്യം അതിന്റെ പൂർണ്ണതയിൽ അടങ്ങിയിരിക്കുന്നു. ഓരോരുത്തരുടെയും എല്ലാവരുടെയും സമഗ്രത ഉൾക്കൊള്ളാത്ത വികസനം ശരിയായ വികസനമല്ല. ദർശനപരമായി ഉപവിക്ക് കേന്ദ്രസ്ഥാനമില്ലാത്ത വികസനവും പൂർണ്ണമല്ല. സാഹോദര്യത്തില ടിസ്ഥാനമുള്ളതാണ് ക്രൈസ്തവസ്നേഹം. മറ്റുള്ളവരെ സഹോദരരായി കാണാതെ കേവലം അയൽക്കാ രായി കാണുന്ന സമൂഹത്തിൽ ആഗോളീകരണം കൂടുതൽ വിടവുകൾ ഉണ്ടാക്കികൊണ്ടിരിക്കും. അവികസ നത്തിന്റെ പ്രധാനകാരണം വ്യക്തികൾക്കിടയിലും രാജ്യങ്ങളിലും സാഹോദര്യമില്ല എന്ന സത്യമാണ് (19). ഇന്നത്തെ വികസനത്തെ നാം നോക്കികാണേണ്ടത് കണക്കുക്കൂട്ടലുകളുടെ തലച്ചോറുകൊണ്ടല്ല, ആർദ്രത യുള്ള ഹൃദയം കൊണ്ടാണ്. ലാഭം അർത്ഥവത്താകുന്നത് അത് നീതിപൂർവകമായ മാർഗങ്ങളിലൂടെയുള്ളതും മറ്റുള്ളവർക്ക് ഉപകാരപ്പെടുന്നതുമാകുമ്പോഴാണ്. ലാഭം മാത്രം ലക്ഷ്യം വച്ചാൽ അത് അവിഹിതമാർഗങ്ങളി ലൂടെ നേടാനും പൊതുനന്മയെ ലക്ഷ്യം വയ്ക്കാത്തതും സമ്പത്തിനെ നശിപ്പിക്കുന്നതുമായ ദാരിദ്ര്യം വർദ്ധി പ്പിക്കുന്നതുമാകും (21).

## ആഗോളവിപണിയുടെ പ്രശ്നങ്ങൾ

ആഗോളവത്കരണത്തിന്റെയും ഊഹാപോഹമാർക്കറ്റിന്റെയും അതിപ്രസരം സാമ്പത്തിക മേഖലയിൽ പുതിയ പ്രശ്നങ്ങൾ ഉയർത്തുന്നു. സാമ്പത്തിക പ്രശ്നങ്ങൾ പ്രാദേശികമായി പരിഹാരം കണ്ടെത്താൻ കഴി യാത്തവിധം സങ്കീർണ്ണമായിരിക്കുകയാണ്. വികസനത്തിന്റെ വഴികൾ അന്താരാഷ്ട്രതലത്തിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ പ്രശ്നപരിഹാരത്തിന് സമഗ്രമായ പഠനവും പുതിയ മനുഷ്യവർഗാത്മക മായ ഉദ്ഗ്രഥനവും (humanistic synthe-sis) ആവശ്യമാണ്. ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയിൽ പുതിയ മാർഗങ്ങൾ തേടാനും പുതിയ അവസരങ്ങളെ സൃഷ്ടിക്കാനും നമുക്കാവണം(21). 'ലോകത്തിന്റെ സമ്പത്ത് അനുസ്യൂതം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതൊടൊപ്പം അസമത്വങ്ങളും. ദാരിദ്ര്യത്തിന്റെ പുതിയതല ങ്ങൾ ഉടലെടുക്കുന്നു. പരമദാരിദ്ര്യത്തിൽ ജീവിതം നയിക്കേണ്ടിവരുന്ന പുതിയ വിഭാഗങ്ങൾ സൃഷ്ടിക്കപ്പെ ടുന്നു. അതേസമയം ദരിദ്രമേഖലകളിൽ ഉപകാരപ്രദമല്ലാത്തതും ഉപഭോഗസംസ്കാരത്തിന്റെ ധാരാളിത്ത വുമുള്ള 'അതിവികസനം' (Super Development) ഏതാനും ചിലർ മാത്രം ആസ്വദിക്കുന്നത് അസ്വീകാര്യമാ യതും മനുഷ്യത്വരഹിതവുമായ സാഹചര്യങ്ങളുടെ വൈപരീത്യമാണ്'(22).

## വികസനത്തിന്റെ സാമൂഹികമാനം

പല രാജ്യങ്ങളിലും ഉത്പാദനത്തിനും വിതരണത്തിനും മറ്റുമുണ്ടായിരുന്ന സംരക്ഷണ സംവിധാനങ്ങൾ ഇന്ന് നിലവിലില്ല. ഉത്പാദനത്തിന്റെയും മറ്റും സാമൂഹിക മാനത്തിനു മാറ്റം വന്നിട്ടുണ്ട്. ഇന്നത്തെ സാഹ

ചര്യത്തിലും സാമൂഹികനീതിയുടെ ലക്ഷ്യങ്ങൾ നാം തേടണം. സമ്പന്ന രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഉത്പാദനചെലവ് കുറഞ്ഞ രാജ്യങ്ങളിൽ ഉത്പന്നങ്ങൾ നിർമ്മിച്ച് കൂടുതൽ ആളുകളിലേക്ക് എത്തിച്ച് ജനങ്ങളുടെ ക്രയശേഷി (purchasing power) വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ നവ സംവിധാനം കൂടുതൽ അന്താരാഷ്ട്രകമ്പനികളെ തങ്ങളുടെ രാജ്യത്തിലേയ്ക്ക് ക്ഷണിക്കുന്ന കാര്യത്തിൽ മത്സരം സൃഷ്ടിക്കുകയും അതിനുവേണ്ടി മാർക്കറ്റിൽ പല ആകർഷണീയ ഇളവുകളും രാജ്യങ്ങൾ പ്രഖ്യാപിക്കുകയും ചെയ്യുന്നു. അതു രാജ്യത്തിന്റെ ആഭ്യന്തരവിപണിയെ പ്രതികൂലമായി ബാധിക്കുക്കുന്നതും രാജ്യത്തിന്റെ സാമൂഹികസുരക്ഷയെ അപകടപ്പെടുത്തുന്നതുമാണ് (25). തൊഴിലാളികളുടെ അവകാശങ്ങളും പാരമ്പരാഗതമായ സംവിധാനങ്ങളും ഇവിടെ തകിടംമറിയുന്നു. ഇത്തരം സംവിധാനത്തിൽ അന്താരാഷ്ട്ര കമ്പനികളും അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളും രാജ്യത്തിന്റെ സാമ്പത്തിക സംവിധാനത്തെ പ്രതികൂലമായി ബാധിക്കും (25).

## തൊഴിലും മാറുന്ന സംസ്കാരവും

തൊഴിലാളി യൂണിയനുകൾക്ക് ഇത്തരം സാമ്പത്തിക സംവിധാനത്തിൽ പ്രസക്തി നഷ്ടപ്പെടും. സാമ്പത്തിക നേട്ടത്തിനായി സർക്കാരുകൾ തൊഴിലാളി യൂണിയനുകളുടെ സ്വാതന്ത്ര്യത്തിനു കൂച്ചുവിലങ്ങിടാനാണ് സാധ്യത. തൊഴിലിന്റെ ധാർമികത ആധുനിക സംവിധാനത്തിൽ ചോദ്യം ചെയ്യപ്പെടുന്നു. തൊഴിൽ സ്ഥിരത നഷ്ടപ്പെടുന്ന സാഹചര്യത്തിലും തൊഴിലിന്റെ ചലനാത്മകതകൊണ്ടും തൊഴിലാളികളുടെ കുടുംബജീവിതം തന്നെ പ്രതിസന്ധിയിലാകും. ഏറെ ശ്രദ്ധിക്കേണ്ട കാര്യം ഏറ്റവും കൂടുതൽ കാത്തുസൂക്ഷിക്കേണ്ട പ്രാഥമികവും വിലമതിക്കേണ്ടതുമായ മൂലധനം മനുഷ്യനാണെന്ന സത്യമാണ് (25). 'മാന്യമായ തൊഴിൽ എന്നു പറയുന്നത് പ്രത്യേക സാമൂഹിക സാഹചര്യത്തിൽ പുരുഷനും സ്ത്രീക്കും അവരുടെ അന്തസ്സിനെ മാനിക്കുന്ന രീതിയിൽ ചെയ്യാവുന്നതായിരിക്കണം. പരസ്പരം സഹകരണത്തോടെ ജോലി ചെയ്യുവാനുള്ള സാഹചര്യം ഉണ്ടാകണം. സ്വാതന്ത്ര്യത്തോടെ ചെയ്യുന്ന തൊഴിൽ സമൂഹത്തിന്റെ കൂട്ടായ്മ വളർത്തുന്നതുമാകണം. തൊഴിലാളികൾ എല്ലാത്തരത്തിലുമുള്ള വിവേചനത്തിൽ നിന്നു മോചിതരായിരിക്കണം. അവർക്ക് അർഹിക്കുന്ന ആദരവ് ലഭിക്കുകയും വേണം. അവരുടെ ആവശ്യങ്ങൾ പ്രത്യേകിച്ച് അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടുന്ന വേതനം അവർക്കു ലഭിക്കണം. അല്ലെങ്കിൽ അതു ബാലവേലയെ പ്രോത്സാഹിപ്പിക്കലാകും. തൊഴിലാളികൾക്ക് സ്വതന്ത്രമായി സംഘടിക്കാനുള്ള സാഹചര്യവും ഉണ്ടാകണം. അവരുടെ ശബ്ദവും കേൾക്കപ്പെടണം. തൊഴിലാളികൾക്ക് അവരുടെ വ്യക്തിത്വത്തിന്റെയും കുടുംബത്തിന്റെയും ആത്മീയതയുടെയും വേരുകളെ തിരികെ കണ്ടെത്താനുതകുന്നതാകണം തൊഴിൽ. അവർക്ക് പ്രായമാകുമ്പോൾ മാന്യമായി ജീവിക്കാനും അവരുടെ തൊഴിൽ ഉപകരിക്കണം' (63). ഇന്ന് സംസ്ക്കാരങ്ങൾ തമ്മിലുള്ള ഇടപഴകലിന് ധാരാളം സാധ്യതകളുണ്ട്. സംസ്കാരങ്ങൾ തമ്മിലുള്ള പരസ്പര സംഭാഷണത്തിനുള്ള പുതിയ വാതായനങ്ങൾ തുറക്കപ്പെടുന്നു. ഈ സംഭാഷണങ്ങൾ ആരംഭിക്കേണ്ടത് ഓരോ സംസ്കാരത്തിന്റെയും അടിസ്ഥാനങ്ങളെക്കുറിച്ചുള്ള ആഴമേറിയ അറിവിൽ നിന്നാകണം. സംസ്കാര സംവാദത്തെയും വ്യവസായവത്കരിക്കുന്ന സമൂഹത്തിൽ പരമ്പരാഗതമായ സംവിധാനങ്ങൾ അപകടത്തിലാകും (26).

## ലോകത്തിന്റെ വിശപ്പ്

ലോകത്തിലെ പല രാജ്യങ്ങളിലും വിശപ്പ് ഇന്നും വലിയ പ്രശ്നമാണ്. ഭക്ഷണത്തിന്റെ ക്ഷാമം മനുഷ്യരുടെ ജിവനെടുക്കുന്ന അവസ്ഥയും ഇവിടെയുണ്ട്. വിശുദ്ധഗ്രന്ഥത്തിലെ ദരിദ്രരായ 'ലാസറുമാർക്ക്' ഇന്നും ധനികന്റെ ഭക്ഷണമേശയിൽ സ്ഥാനമില്ലാത്ത സാഹചര്യം നിലനിൽക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് അവർക്കുള്ളതു മറ്റുള്ളവരുമായി പങ്കുവയ്ക്കേണ്ട ചുമതലയിൽ നിന്നും ഒളിച്ചോടാൻ സാധിക്കുകയില്ല. വിശപ്പ് മാറ്റാൻ അവശ്യത്തിന് സാമൂഹിക സ്രോതസ്സുകൾ ഇല്ലാതില്ല. പക്ഷേ, ഇന്ന് നമ്മുടെ ലോകത്ത് വിശപ്പ് സ്ഥാപനവത്കരിക്കപ്പെട്ടിരിക്കുന്നു. സാമ്പത്തിക സ്ഥാപനങ്ങൾ തമ്മിൽ സഹകരിക്കുന്ന ഒരു നെറ്റ്വർക്കില്ല. ജീവിസന്ധാരണത്തിനു വേണ്ട കുടിവെള്ളവും ഭക്ഷണവും എല്ലാവർക്കും എത്തിക്കാനുള്ള രാഷ്ട്രീയ ഉത്തരവാദിത്വം ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും എല്ലാവർക്കും ഉണ്ട്. അതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങളും ഘടനകളും ഗ്രാമതലങ്ങളിൽ ഉണ്ടാകണം. ആഗോളീകരണത്തിന്റെ ഫലമായുള്ള ലോകവ്യാപകമായ പരസ്പര ആശ്രിതത്വം ശരിയായി ഉപയോഗപ്പെടുത്തിയാൽ ലോകത്തിലെ അവികസനത്തിനും ദരിദ്ര്യത്തിനും പരിഹാരമാകും. സ്നേഹത്തിന്റ സംസ്കാരത്തിനുവേണ്ടി ആഗോളതലത്തിൽ നിലനിൽക്കുന്ന എല്ലാ സംവിധാനങ്ങളെയും ഉപയോഗപ്പെടുത്തുകയാണ് നാം ചെയ്യേണ്ടത്.

## ആഗോള വിപണിയിലെ നീതി

പരസ്പര വിശ്വാസ്യതയിലാണ് വിപണിയുടെ നിലനിൽപ്. വിപണി ഭരിക്കപ്പെടുന്നത് വിനിമയ നീതിയുടെ മാനദണ്ഡത്തിലാണ്. സഭയുടെ പ്രബോധനങ്ങളിൽ വിപണിയിൽ വിനിമയനീതി മാത്രം ഉണ്ടായാൽ പോര, സാമൂഹ്യനീതിയും ഉണ്ടാകണം. ഐക്യദാർഢ്യവും പരസ്പര വിശ്വാസ്യതയുമില്ലാതെ സമ്പത്തിന്റെ പ്രവർത്തനരീതികൾ (function) പൂർണ്ണമായും പൂർത്തികരിക്കാനാവില്ല. ഈ വിശ്വാസ്യതയ്ക്ക് ഇന്നത്തെ വിപണിയിൽ വിലയില്ലാതായിരിക്കുന്നു. അത് വലിയൊരു നഷ്ടമാണ്(35). സഭയുടെ പഠനമനുസരിച്ച് എല്ലാ സമ്പാത്തിക പ്രക്രിയകളിലും നീതിയുടെ മാനം പാലിക്കപ്പെടണം. ഉറവിടങ്ങളുടെ കണ്ടെത്തലിനും, ഉത്പാദനത്തിനും, ഉപഭോഗത്തിനും മറ്റ് എല്ലാ സാമ്പത്തിക മാനങ്ങൾക്കും ധാർമികതയുടെ പരിപ്രേഷ്യമുണ്ട്. എല്ലാ സാമ്പത്തിക തീരുമാനത്തിനും ധാർമികതയുടെ അനന്തരഫലങ്ങളുമുണ്ട് (37).

ജോൺ പോൾ രണ്ടാമന്റെ അഭിപ്രായത്തിൽ മാർക്കറ്റ്, രാഷ്ട്രം, പൗരസമൂഹം എന്നീ മൂന്നു തലങ്ങളും സമജ്ജസമായി ഇടപെടുന്നിടമാണ് വിപണി. പോൾ ആറാമാനാകട്ടെ 'ഒരു മാതൃകാ വ്യവസായിക സാമ്പത്തികത സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളാൻ കഴിവുള്ളതായിരിക്കണം' എന്നും പറഞ്ഞിട്ടുണ്ട്(40). തൊഴിലെടുക്കുന്നവരൊക്കെ സൃഷ്ടികർത്താക്കളാണ്. അവരുടെ അന്തസ്സും സമൂഹത്തിന്റെ അന്തസ്സും കണക്കിലെടുത്താണ് ഇന്നത്തെ സമ്പത്ത് വ്യവസ്ഥയിൽ സ്വാകാര്യ സ്ഥാപനങ്ങളും പൊതുസ്ഥാപനങ്ങളും ഉള്ളത്. ഈ രണ്ടു സ്ഥാപനങ്ങളുടെ കാര്യത്തിലും നീതിയും സത്യവും പുലർത്താനാകുന്ന മൂല്യങ്ങൾ നിലനിൽക്കുന്നുണ്ട്. അവയെ മാനിക്കാൻ എല്ലാവരും തയ്യാറാകണം. സാമ്പത്തിക വ്യവസ്ഥിതിക്ക് ശരിയായി പ്രവർത്തിക്കണമെങ്കിൽ ധാർമികത അനിവാര്യമാണ്(45). അതുപോലെ അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കുന്ന പൊതുസ്ഥാപനങ്ങളും സംഘടനകളും സാമ്പത്തിക മേഖലയിൽ മനുഷ്യരുടെ സമഗ്രവികസനത്തിന്നായി ഫലദായകമായി പ്രവർത്തിക്കത്തക്ക രീതിയിൽ അവയുടെ ഘടനകളിൽ ക്രിയാത്മകത്വം കൊണ്ടുവരണം. അന്തരാഷ്ട്രതലത്തിൽ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കുക മാത്രമല്ല. അവയുടെ സഹായം എത്തേണ്ടിടത്ത് എത്തിച്ചേരാനുള്ള നടപടികളും കൈകൊള്ളണം (49).

## അന്താരാഷ്ട്ര ബിസിനസ്സിലെ അധാർമ്മികത

എണ്ണ, ഊർജ്ജം എന്നി സ്ത്രോതസ്സുകൾ സ്വന്തമായുള്ള രാജ്യങ്ങളും അവ കൈവശപ്പെടുത്തിയിരിക്കുന്ന അന്താരാഷ്ട്ര കമ്പനികളും കൃത്രിമമായ ക്ഷാമം സൃഷ്ടിക്കുകയും, ഇത്തരം ധാതുക്കളാൽ സമ്പന്നമായ ചില ചെറിയ രാജ്യങ്ങളെ ചൂഷണം ചെയ്ത് അവിടെ ആഭ്യന്തരകലഹങ്ങൾ സൃഷ്ടിച്ച് അവരുടെ പ്രകൃതിധാതുക്കളെ കബളിപ്പിച്ചെടുക്കുന്നതും അധാർമികമാണ് (49). ഇന്ന് നിലനിലവിലുള്ള സാമ്പത്തിക മാന്ദ്യത്തിന് പരിഹാരം കാണാൻ പാവപ്പെട്ട രാജ്യങ്ങൾക്കു നൽകുന്ന വികസന സഹായങ്ങൾ എല്ലാവരുടെയും സമ്പത്ത് വർദ്ധിപ്പിക്കാനുള്ള മാർഗ്ഗമായ് കാണണം. സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന രാജ്യങ്ങൾ അവരുടെ സമ്പത്തിൽ നല്ലൊരു പങ്കും ദരിദ്രരാജ്യങ്ങളുടെ ക്ഷേമത്തിനായി പങ്കുവയ്ക്കാൻ സന്മനസ്സുള്ളവരായിരിക്കണം. സമ്പന്ന രാജ്യങ്ങളിലെ ഉപഭോഗ സംസ്കാരത്തിനു കടിഞ്ഞാണിട്ടുവേണം അന്താരാഷ്ട്ര സാമ്പത്തിക സഹായ പദ്ധതികൾ ശക്തിപ്പെടുത്താൻ (59).

സാമ്പത്തിക പ്രതിസന്ധിയുടെ നടുവിലും വിദ്യാഭ്യാസം കൂടുതൽ പേർക്ക് നൽകാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. വികസനം വെറുതെ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതു മാത്രമായിരിക്കരുത്. മനുഷ്യവ്യക്തിയുടെ സ്വഭാവവും വ്യക്തിത്വവും വളർത്തുന്ന വിദ്യാഭ്യാസമാണ് വ്യക്തികളുടെ സമഗ്രവികസനത്തിനു അവശ്യം വേണ്ടത് (61).

തൊഴിൽ സംഘടനകൾ അവരുടെ കാര്യം മാത്രം നോക്കിയാൽ പോര. അവരുടെ കൂടെയില്ലാത്ത അസംഘടിതരായ തെഴിലാളികളുടെ ശബ്ദമാകാനും അവർക്കാകണം. ഉപഭോക്താക്കളുടെ അവകാശങ്ങൾ ഇന്ന് ഏറ്റവും മാനിക്കപ്പെടേണ്ടതാണ്. അവരുടെ അവകാശങ്ങൾ സാധിച്ചുകിട്ടാൻ സഹായിക്കുന്ന ഉപഭോക്തൃസംഘടനകളുടെ പ്രവർത്തനങ്ങളും വിപുലമാക്കപ്പെടണം(66). ആഗോള സാമ്പത്തിക പ്രതിസന്ധിയിൽ ഐക്യരാഷ്ട്ര സഭയും അന്താരാഷ്ട്ര ധനസ്ഥാപനങ്ങളും ഉണർന്നു പ്രവർത്തിക്ക ത്തക്കവിധം ശക്തിയാർജ്ജിക്കണം (67). ടെക്നോളജിക്കൽ പുരോഗതി നമ്മുടെ ലോകത്തിനാവശ്യമാണ്. വാസത്വത്തിൽ ടെക്നോളജി

ഈ ഭൂമി കാത്തുസൂക്ഷിക്കാൻ ദൈവം മനുഷ്യനു നൽകിയ കല്പനയുടെ നടത്തിപ്പാണ്. പക്ഷേ, ധാർമികമായ ഉത്തരവാദിത്വത്തോടുകൂടിയുള്ള തീരുമാനത്തോടുകൂടെയാകണം ടെക്നോളജിയുടെ മായികലോകത്തെ സമീപിക്കാൻ. അപ്പോഴാണ് മനുഷ്യന്റെ സ്വാതന്ത്ര്യം ആധികാരികമാകുന്നത് (70). വികസനം അസാധ്യമാകുന്നത് സത്യസന്ധരായ സ്ത്രീകളുടെയും പുരുഷന്മാരുടെയും അഭാവത്താലും പൊതുനന്മയെ ലക്ഷ്യം വയ്ക്കാത്ത സാമ്പത്തികിടപാടുകാരും രാഷ്ട്രീയക്കാരുടെയും സാന്നിധ്യത്തിലുമാണ് (71). വികസനം വെറും ഭൗതികതയുടെ കാര്യം മാത്രമല്ല. മനുഷ്യരുടെ ആത്മാവിന്റെ കാര്യവുമായി അതിനു വളരെ അടുത്ത ബന്ധമുണ്ട് (76). ആത്മീയ വളർച്ചയും വികസനം ലക്ഷ്യം വയ്ക്കുന്നു. ജനങ്ങളുടെ ആത്മീയവും ധാർമികവുമായ ക്ഷേമം കണക്കിലെടുക്കാതെ സമഗ്രമായ വികസനമോ സാർവ്വത്രികമായ പൊതുനന്മയോ സ്വപ്നം കാണാൻ നമുക്കാവില്ല (76).

ദൈവത്തെ മാറ്റി നിറുത്തി സമഗ്രമായ വികസനത്തെക്കുറിച്ചു നമുക്കു സംസാരിക്കാനാവില്ല. ക്രൈസ്തവ മാനവികതയാണ് വികസനത്തിന് ഏറ്റം ഉദാത്തമായ ശുശ്രൂഷ ചെയ്യുന്നത്. ദൈവത്തിൽ നിന്നും ദാനമായി സ്വീകരിച്ച സ്നേഹം സത്യത്തിൽ പ്രാവർത്തികമാകുന്നത് ക്രൈസ്തവ മാനവികതയിലാണ്. ദൈവസ്നേഹം സകലരുടെയും ക്ഷേമത്തിനായി പ്രവർത്തിക്കാൻ നമുക്ക് ശക്തി നൽകുന്നു. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ തന്റെ സാമൂഹിക ചാക്രികലേഖനം അവസാനിപ്പിക്കുന്നത് പൗലോസ് ശ്ലീഹ റോമാക്കാർക്കെഴുതിയ ലേഖനത്തിൽ നിന്നും ഉദ്ധരിച്ചുകൊണ്ടാണ്: നിങ്ങളുടെ സ്നേഹം നിഷ്കളങ്കമായിരിക്കട്ടെ. തിന്മയെ ദ്വേഷിക്കുവിൻ; നൻമയെ മുറുകെ പിടിക്കുവിൻ. നിങ്ങൾ അന്യോന്യം സഹോദരതുല്യം സ്നേഹിക്കുവിൻ; പരസ്പരം ബഹുമാനിക്കുന്നതിൽ ഓരോരുത്തരും മുന്നിട്ടു നിൽക്കുവിൻ' ( റോമ: 12, 9-10)

**റവ.ഡോ.കുര്യാക്കോസ് മുണ്ടാടൻ**
**ചീഫ് എഡിറ്റർ, സത്യദീപം**